## അനുബന്ധം

## വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറക്കുന്നതിനു മുമ്പുള്ള മുൻകരുതൽ നടപടികൾക്കുള്ള പൊതുമാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## നിയന്ത്രിത ആക്സസ്സ് ഇല്ലാത്ത ഡെസ്റ്റിനേഷനുകൾ (ബീച്ചുകൾ, നടപ്പാതകൾ, തുറന്ന പ്രദേശങ്ങൾ തുടങ്ങിയവ)

1. നിയുക്ത എൻട്രി പോയിന്റുകളിൽ ഉദ്യോഗസ്ഥരെ വിന്യസിക്കണം, അവർക്ക് താപ പരിശോധന, സാനിറ്റൈസർ, ഹാൻഡ് വാഷ് സൗകര്യം തുടങ്ങിയവ ഉണ്ടായിരിക്കണം.
2. COVID- 19 പ്രോട്ടോകോൾ പാലിക്കുന്നതിനായി ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ഡിസ് പ്ലേ ബോർഡുകൾ ഉണ്ടായിരിക്കണം.
3. നടപ്പാതകൾ, ഹാൻഡ്റെയിലുകൾ, ഇരിപ്പിടങ്ങൾ, ഷെൽട്ടറുകൾ എന്നിവയിൽ കൃത്യമായ ഇടവേളകളിൽ ശുചിത്വ സ്പ്രേ സൗകര്യങ്ങൾ ഏർപ്പെടുത്തണം.
4. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കടകൾ എന്നിവിടങ്ങളിൽ കൃത്യമായ സാമൂഹിക അകലം പാലിക്കുന്നതിനായി കുറഞ്ഞത് 2 മീറ്റർ അകലം കണക്കാക്കി ഫ്ലോറുകൾ, സീറ്റുകൾ എന്നിവയിൽ വൃത്താകൃതിയിൽ അടയാളങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
5. ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഡ്യൂട്ടിയിൽ ഉണ്ടാവുന്ന കുടുംബശ്രീ / ലൈഫ് ഗാർഡുകളെ സഹായിക്കാൻ ആവശ്യമെങ്കിൽ ടൂറിസം പോലീസ് സേവനം ഉപയോഗിക്കും.
6. ടോയ്‌ലറ്റുകൾക്കും വിശ്രമ മുറികൾക്കും പ്രത്യേക ഇടവേളകളിൽ പ്രത്യേക ക്ലീനിംഗ്ഡ്രൈവ് ഉറപ്പാക്കും.
7. സന്ദർശകന്റെ പേര്, സ്ഥലം, കോൺടാക്റ്റ്നമ്പർ, സന്ദർശന സമയവും തീയതിയും എന്നിവ ശേഖരിക്കുന്നതിനായി എല്ലാ എൻട്രി പോയിന്റുകളിലും രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## ഡിടിപിസി / DOT/ മറ്റുള്ളവ നിയന്ത്രിത ആക്സസ് ഉള്ള ലക്ഷ്യസ്ഥാനങ്ങൾ

1. എല്ലാ ഗേറ്റഡ് എൻട്രികളിലും ഓൺലൈൻ ടിക്കറ്റ്എൻട്രി / എസ്എംഎസ് ബുക്കിംഗ് സംവിധാനം ഉപയോഗിക്കുന്നതിനായി പ്രോത്സാഹനം നൽകേണ്ടതാണ്.
2. COVID- 19 പ്രോട്ടോക്കോളിനായി ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ഡിസ്പ്ലേ ബോർഡുകൾ ഉണ്ടായിരിക്കണം.
3. ഡെസ്റ്റിനേഷനുകളിലെ പാർക്കിംഗ് ഏരിയകളിലെ പാർക്കിംഗ് സൗകര്യം പരമാവധി 1 മണിക്കൂറിൽ മാത്രമായി പരിമിതപ്പെടുത്തും.
4. COVID- 19 സന്ദർശക പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഡെപ്യൂട്ടിഡയറക്ടർ / സെക്രട്ടറി, ഡിടിപിസിയെ ഡെസ്റ്റിനേഷനുകളുടെ മൊത്തത്തിലുള്ള മേൽനോട്ടം ഏൽപ്പിക്കും.
5. എല്ലാസ്ഥലങ്ങളിലും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കലും ഫ്യൂമിഗേഷനും നടത്തണം.
6. ഡെസ്റ്റിനേഷനുകളിലെ തെരുവ് കച്ചവടക്കാർക്ക് കോവിഡ് 19 പ്രോട്ടോക്കോൾ പിന്തുടരാൻ കർശന നിർദ്ദേശങ്ങൾ നൽകണം.
7. സന്ദർശകന്റെ പേര്, സ്ഥലം, കോൺടാക്റ്റ് നമ്പർ, സന്ദർശന സമയവും തീയതിയും എന്നിവ ശേഖരിക്കുന്നതിനായി എല്ലാ എൻട്രി പോയന്റുകളിലും രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ